# പതിമൂന്നാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1886** **16/02/2016-ൽ മറുപടിയ്ക്ക്**

### നാരൻ ചെമ്മീൻ ഉത്പാദനം

| ചോദ്യം<br>ശ്രീ. സി.കൃഷ്ണൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| എ) കേരളത്തിൽ തദ്ദേശീയ ഇനമായ നാരൻ ചെമ്മീൻ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രത്യേക പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; | എ) കേരളത്തിൽ തദ്ദേശീയ ഇനമായ നാരൻ ചെമ്മീൻ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി അഴീക്കോട് മേഖലാ ചെമ്മീൻ വിത്തുൽപാദന കേന്ദ്രത്തിൽ ടാങ്കുകളുടെ നവീകരണം, മേൽമൂടി (roofing) നിർമ്മാണം, ഉപ്പുവെള്ളം ശുദ്ധീകരിക്കുന്നതിന് റാപ്പിഡ് സാൻഡ്ഫിൽറ്റർ, ഓസോൺ സാന്റ്ഫിൽട്ടർ എന്നീ പ്രവർത്തികൾ നടപ്പു സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ജനുവരി 31 വരെ 14.5 ലക്ഷം കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് 27 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>ഉൾനാടൻ ജലാശയങ്ങളിൽ നാരൻ ചെമ്മീൻ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൊല്ലം ജില്ലയിൽ സാമൂഹ്യ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി തിരഞ്ഞെടുക്കപ്പെട്ട പൊതു ജലാശയങ്ങളിൽ നാരൻ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. അഡാക്ക് മുഖേന പൊയ്യ ഫാമിൽ 2014 - 15 വർഷം ഒരു ലക്ഷം നാരൻ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും 1145.95 കിലോഗ്രാം ചെമ്മീൻ ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

കേരളത്തിൽ തദ്ദേശീയ ഇനമായ നാരൻ ചെമ്മീൻ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി മത്സ്യ ഫെഡ് ചെന്നൈയിലെ കേന്ദ്ര സർക്കാർ സ്ഥാപന മായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ് വാട്ടർ അക്വാകൾച്ചർ (സി.ഐ.ബി.എ) എന്ന സ്ഥാപനവു മായി സഹകരിച്ച് മത്സ്യഫെഡിന്റെ കണ്ണൂർ, മാപ്പിള ബേയിലുള്ള ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രം വഴി നാരൻ ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്ന തിനും, വിത്തുൽപ്പാദനം നടത്തുന്നതിനും ഉദ്ദേശി ക്കുന്നു.

ബി) മത്സ്യ വകുപ്പിന്റെയോ അനുബന്ധ ഏജൻസികളുടെയോ നിയന്ത്രണ ത്തിൽ ഉള്ള ഏതൊക്കെ ഹാച്ചറി കളിൽ നിലവിൽ നാരൻ ചെമ്മീൻ വിത്തുൽപ്പാദനം നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ ;

ബി) അഴീക്കോട് മേഖലാ ചെമ്മീൻ വിത്തുൽപാദന കേന്ദ്രത്തിൽ നിലവിൽ നാരൻ ചെമ്മീൻ ഉൽപാ ദനം നടത്തുന്നു ണ്ട്. നടപ്പു സാമ്പത്തികവർഷ ത്തിൽ ജനുവരി 31 വരെ 14.5 ലക്ഷം നാരൻ ചെമ്മീൻ ഉൽപ്പാദിപ്പിക്കുകയും 27 കർഷകർക്ക് വിത രണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

കൊല്ലം ജില്ലയിൽ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നീണ്ടകര ചെമ്മീൻ വിത്തുല്പ്പാദന കേന്ദ്രത്തിൽ 2015-16 വർഷത്തിൽ നാളിതുവരെ 7 ലക്ഷം നാരൻ ചെമ്മീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചിട്ടുണ്ട്. ഉൾനാടൻ ഉല്പ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ജലാശയങ്ങളിൽ നാരൻ ചെമ്മീൻ വിത്ത് നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. അഡാക്ക് മുഖേന വർക്കല ഓടയത്ത് സ്ഥിതി ചെയ്യുന്ന ചെമ്മീൻ ഹാച്ചറിയിൽ നിന്ന് 2014 - 15 വർഷത്തിൽ 1.95 ലക്ഷം നാരൻ ചെമ്മീൻ വിത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തിട്ടു ണ്ട്.

സി) 2014-15 വർഷത്തിൽ മത്സ്യസമൃദ്ധി പദ്ധതി വഴി എത്ര നാരൻ ചെമ്മീൻ വിത്തുകൾ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും, ഇതുമായി ബന്ധപ്പെട്ട് എത്ര ടൺ ഉൽപ്പാദനം ഉണ്ടായിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

സി) മത്സ്യസമൃദ്ധി പദ്ധതി വഴി വിവിധ ജില്ലകളിൽ 2014-15 കാലയളവിൽ കർഷകർക്ക് വിതരണം ചെയ്ത നാരൻ ചെമ്മീൻ വിത്തുകളുടെ വിശദാംശങ്ങളും ജില്ലകളിൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന ഉല്പാദനത്തിന്റെ കണക്കും ചുവടെ ചേർക്കുന്നു.

**മത്സ്യസമൃദ്ധി പദ്ധതി 1-ാം ഘട്ടം**

| ജില്ല | വർഷം | വിതരണം ചെയ്ത നാരൻ ചെമ്മീൻ വിത്തുകളുടെ എണ്ണം | പ്രതീക്ഷിത ഉത്പാദനം |
|---|---|---|---|
| എറണാകുളം | 2014-15 | 5 ലക്ഷം | 6 ടൺ |
| കണ്ണൂർ | 2014-15 | 1 ലക്ഷം | 1 ടൺ |

**സെക്ഷൻ ആഫീസർ**